# ദശമൂലം



മുഞ്ഞ



പാതിരി



കൂവളം



പലകപ്പയ്യാനി



കുമിഴ്



ഓരില



മൂവില



പുത്തിരിച്ചുണ്ട



ചെറുവഴുതിന



ഞെരിഞ്ഞിൽ

കേരള കാർഷിക സർവ്വകലാശാല
സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്രം
ഓടക്കാലി, അശമന്നൂർ പി.ഒ., എറണാകുളം ജില്ല, കേരളം, ഇന്ത്യ, പിൻ കോഡ്–683549
ഫോൺ:(0484) 2658221 ഫാക്സ്: (0484) 2659881 ഇ–മെയിൽ: amprs@kau.in, amprskau@gmail.com

# ദശമൂലം

1. മുഞ്ഞ
2. പാതിരി
3. കൂവളം
4. പലകപ്പയ്യാനി
5. കുമ്പിൾ/കുമിഴ്
6. ഓരില
7. മൂവില
8. പുത്തിരിച്ചുണ്ട
9. ചെറുവഴുതിന
10. ഞെരിഞ്ഞിൽ

ദശമൂലാരിഷ്ടം, ദശമൂലലേഹ്യം, ദശമൂലരസായനം, ദശമൂലഹരീതകിലേഹ്യം ഇവ ഉണ്ടാക്കുന്നതിന് ദശമൂലം ഉപയോഗിക്കുന്നു. ബൃഹത് പഞ്ചമൂലവും ഹ്രസ്വപഞ്ചമൂലവും ചേർന്നതാണ് ദശമൂലം.

**ബൃഹത് പഞ്ചമൂലം:** കൂവളം, പലകപ്പയ്യാനി, കുമിഴ്, മുഞ്ഞ, പാതിരി

**ഹ്രസ്വ പഞ്ചമൂലം:** ഓരില, മൂവില, ചെറുവഴുതിന, പുത്തിരിച്ചുണ്ട, ഞെരിഞ്ഞിൽ

## ഉപയോഗഭാഗങ്ങൾ:

മുഞ്ഞ: തൊലി

കൂവളം: വേര്, ഇല, കായ്

പാതിരി: വേര്, തൊലി, പൂവ്
പലകപ്പയ്യാനി : തൊലി, വേര്

കുമിഴ്: വേര്

ഓരില: വേര്

മൂവില: വേര്

ചെറുവഴുതിന: വേര്

പുത്തിരിച്ചുണ്ട: വേര്, ഫലം

ഞെരിഞ്ഞിൽ: കായ്

## 1. മുഞ്ഞ

ശാസ്ത്രനാമം: പ്രെമ്ന ഇന്റെഗ്രിഫോളിയ

കുടുംബം: വെർബിനേസിയേ

**രൂപവിവരണം:** മൂന്ന് മീ. വരെ ഉയരമുള്ള കുറ്റിച്ചെടി. ചുവട്ടിൽ വെച്ചു തന്നെ വളഞ്ഞുപുളഞ്ഞാണ് മുകളിലേക്ക് ഉയരുന്നത്. തൊലിക്ക് അല്പം മഞ്ഞകലർന്ന ക്രീം നിറമാണ്. ഇലകളിൽ സിരകൾ നല്ലതുപോലെ തെളിഞ്ഞുകാണുന്നു. വളരെയധികം ശിഖരിതമായ പൂങ്കുലയിൽ അനവധി പുഷ്പങ്ങൾ ഉണ്ടാകും. പുഷ്പങ്ങൾക്ക് പച്ചകലർന്ന വെള്ളനിറമാണ്.

ഫലത്തിന് 0.4 മുതൽ 0.6 വരെ ചുറ്റളവുണ്ട്. ഉണങ്ങുമ്പോൾ ഫലങ്ങൾ കറുപ്പുനിറത്തിലോ തവിട്ടുനിറത്തിലോ കാണപ്പെടുന്നു.

**ആവാസകേന്ദ്രം:** ഇൻഡ്യയിലുടനീളം കണ്ടുവരുന്നു.

**കൃഷിരീതി:** മഴക്കാലത്ത് കമ്പ് ഒടിച്ച് വെച്ച് പുതിയ ചെടികൾ കിളിർപ്പിക്കാവുന്നതാണ്. ജൂലായ് മുതൽ നവംബർ വരെ പൂക്കൾ ഉണ്ടാകുന്നു.

**ഉപയോഗം:** മുഞ്ഞയുടെ തൊലിയിൽ പ്രെമ്നൈൻ എന്ന ആൽ ക്കലോയ്ഡ് ഉണ്ട്. ഇത് ഹൃദയത്തിന്റെ സങ്കോചം കുറയ്ക്കുന്നു വികാസം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. പനി കുറയ്ക്കാൻ സഹായകമാണ്. വാതം, ആമവാതം, കഫരോഗങ്ങൾ, നാഡിശൂല, പാണ്ട് ഇവയെ അകറ്റുന്നു. മുഞ്ഞയുടെ ഇല ഇട്ടു വെന്ത കഷായത്തിൽ അർശ്ശസ്സ് രോഗികളെ ദിവസവും കുറച്ചുസമയം ഇരുത്തിയാൽ അർശ്ശസ്സിന് ശമനം ഉണ്ടാകും.

## 2. കൂവളം

ശാസ്ത്രനാമം: ഈഗിൾ മാർമെലോസ്

കുടുംബം: റൂട്ടേസിയേ

**രൂപവിവരണം:** പത്ത്-പന്ത്രണ്ട് മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഒരു വൃക്ഷമാണ് കൂവളം.ഇതിന്റെ ശാഖകളിലും ഉപശാഖകളിലും മൊട്ടുസൂചി പോലുള്ള മുള്ളുകളുണ്ട്. ഇലകൾ സംയുക്തമാണ്. ഓരോ ഇലയിലും മൂന്ന് പത്രങ്ങൾ ഉണ്ട്. പൂക്കൾ മങ്ങിയ പച്ച നിറമുള്ളവയും നറുമണം പരത്തുന്നവയുമാണ്. ഫലം ഉരുണ്ടതും 5–12.5 സെ.മീ. വ്യാസമുള്ളതുമാണ്. പച്ചനിറമുള്ള ഇവ പാകമാകുന്നതോടുകൂടി ഇളം മഞ്ഞ നിറമാകുന്നു. പുറംതോടിന് നല്ല കട്ടിയുണ്ട്. ഫലത്തിനുള്ളിലെ മാംസളഭാഗത്തിന് മധുരമുണ്ട്.

**ആവാസകേന്ദ്രം:** ഇന്ത്യയിലുടനീളം ഈ വൃക്ഷം വളരുന്നു.

**കൃഷിരീതി:** കൂവളത്തിന്റെ കായ്കൾ വിളഞ്ഞ് പാകമാകുന്നത് ഡിസംബർ-ജനുവരി മാസങ്ങളിലാണ്. ഈ സമയത്ത് പഴുത്ത് മഞ്ഞനിറമാകുന്ന കായ്കൾ മരത്തിൽ നിന്നും പറിച്ചെടുത്ത് പൊട്ടിച്ച് അതിൽ നിന്നും വിത്തുകൾ പെറുക്കി നന്നായി കഴുകി പൾപ്പ് മുഴുവനും നീക്കി വെയിലിൽ ഉണക്കി സൂഷിക്കാം. ഇപ്രകാരം സൂക്ഷിച്ച വിത്തുകൾ, ആറുമണിക്കൂർ നേരം വെള്ളത്തിൽ കുതിർത്തി വച്ചതിനുശേഷം തവാരണകളിൽ പാകി അഴുകിയ വൈക്കോൽ കൊണ്ട് പുതയിട്ട് നനച്ച് കൊടുക്കുക. പതിനഞ്ച് – ഇരുപത് ദിവസം കൊണ്ട് കായ്കൾ മുളച്ച് തുടങ്ങും. ഒരു മാസം പ്രായമായാൽ തൈകൾ പോളിബാഗുകളിലേക്ക് പറിച്ചുനടാം. രണ്ട് മാസം പ്രായമായ തൈകൾ നടുന്നതിനായി ഉപയോഗിക്കാം. ഒന്നരയടി സമചതുരത്തിലും അത്രയും തന്നെ ആഴത്തിലും തയ്യാറാക്കിയ കുഴികളിൽ പത്ത് കിലോ ചാണകപ്പൊടിയും ഓരോ കുട്ട മണലും വീതം നിക്ഷേപിച്ചതിനുശേഷം മേൽ മണ്ണു കൊണ്ട് മൂടി മുകൾ ഭാഗം അല്പം ഉയരത്തിലാക്കി അതിൽ ഒരു ചെറിയ കൈക്കുഴി കുത്തി പോളിബാഗ് നീക്കി തൈ നടുക. ജൂൺ, ജൂലൈ മാസങ്ങളാണ് തൈകൾ നടുന്നതിന് ഏറ്റവും നല്ല സമയം. നടുമ്പോൾ കൈക്കുഴികൾ തമ്മിൽ ഇരുപതടി അകലമുണ്ടായിരിക്കണം. കളയെടുക്കലും ജലസേചനവും ക്രമമായി നടത്തണം. ആണ്ടിലൊരിക്കൽ ഇരുപത് കിലോ ജൈവവളം വീതം ചേർത്തുകൊടുക്കണം.

**ഉപയോഗം:** കൂവളത്തിന്റെ എല്ലാ ഭാഗങ്ങൾ ക്കും ഔഷധമൂല്യമുണ്ട്. വേര് പ്രമേഹത്തിനും കുഷ്ഠത്തിനുമുള്ള മരുന്നിൽ ചേർക്കുന്നു. തളിരിലയിട്ടു തിളപ്പിച്ച വെള്ളം ഉഷ്ണപ്പുണ്ണു കഴുകാൻ നല്ലതാണ്. കൂവളത്തിന്റെ വേര്, കായ് മുതലയവ അതിസാരരോഗങ്ങൾക്ക് കൈകണ്ട മരുന്നാണ്. പഴുത്ത കായുടെ മാംസളഭാഗത്തിൽ ചുണ്ണാമ്പ് ചേർത്താൽ നല്ല പശയായി. പെയിന്റിന് തിളക്കം കൂട്ടാൻ ഈ മാംസളഭാഗം ഉപയോഗിക്കാറുണ്ട്. പഴുത്ത കായുടെ ചാറ് തേച്ച് കുളിക്കാൻ വിശേഷപ്പെട്ടതാണ്. വില്വദിലേഹ്യം, വില്വാദിഗുളിക, ദശമൂലാരിഷ്ടം, ദശമൂലരസായനം എന്നിവ കൂവളവേര് ചേർത്ത മരുന്നുകളാണ്.

.

## 3. പാതിരി

ശാസ്ത്രനാമം: സ്റ്റീരിയോസ്പെർമം കൊളൈസ്

കുടുംബം : ബിഗ്നോണിയേസിയെ

**രൂപവിവരണം:** ഇലകൾക്ക് 30–40 സെ.മീ. വരെ നീളമുണ്ട്. അഞ്ച് മുതൽ ഒമ്പത് വരെ പത്രങ്ങൾ കാണാം. പുഷ്പത്തിന് ചുവപ്പ് നിറമാണ്. മണമുണ്ട്. കായ് 45 സെ.മീ. നീളമുള്ള സിലിണ്ടറാകൃതിയുള്ള കാപ്സൂളാണ്.

**ആവാസകേന്ദ്രം:** ഇന്ത്യ, ബർമ്മ, ശ്രീലങ്ക എന്നിവടങ്ങളിലെ ഇലകൊഴിയും വനങ്ങളിൽ വളരുന്ന വലിയമരം.കേരളത്തിൽ ഇത് വിരളമാണ്.

**കൃഷിരീതി:** ഒന്നര മീറ്റർ ആഴത്തിലും സമചതുരത്തിലും പതിനഞ്ചടി അകലത്തിലുമായി തയ്യാറാക്കിയ കുഴികളിൽ ചാണകപ്പൊടിയോ കമ്പോസ്റ്റോ പത്ത് കിലോ വീതം ഇട്ടശേഷം മേൽ മണ്ണ് കൊണ്ട് മൂടി അതിന് മുകളിൽ തൈകൾ നടുക. ആദ്യവർഷം ജലസേചനം ആവശ്യമാണ്. പിന്നീട് ആവശ്യമില്ല. ക്രമമായ കളയെടുക്കൾ, വളപ്രയോഗം മുതലായവ നടത്തിയാൽ പത്താം വർഷം മരം വെട്ടി ഔഷധാവശ്യത്തിനായി ഉപയോഗിക്കാം. പറക്കുന്ന സ്വഭാവമുള്ളതാണ് ഇതിന്റെ വിത്തുകൾ. ഈ വിത്തുകൾ പറന്നുപോകുന്നതിനു മുമ്പായി വിളഞ്ഞ കയ്കൾ പറിച്ചെടുത്ത് പൊട്ടിച്ച് വിത്തുകൾ സൂക്ഷിച്ച് വയ്ക്കാം. വിത്തുകൾ തവാരണകളിൽ പാകി മുളപ്പിച്ച് നാലില പ്രായമായ തൈകൾ പോളീബാഗുകളിൽ പറിച്ച് നടുക. ഈ തൈകൾ രണ്ടുമാസം പ്രായമായാൽ നടുന്നതിനായി ഉപയോഗിക്കാം.

**ഉപയോഗം:** പാതിരി വാതഹരൗഷധങ്ങളുടെ ഗണത്തിൽപ്പെടുന്നു. വേര്, തൊലി, പൂവ് എന്നിവ ഔഷധയോഗ്യമാണ്. ഇത് നീരും വേദനയും കുറച്ച് നാഡികളെ ബലപ്പെടുത്തുന്നു. തടി ഫർണിഷിംഗ് സാധനങ്ങൾ ഉണ്ടാക്കുന്നതിന് ഉപയോഗിക്കുന്നു. ഇതുകൊണ്ട് നിർമ്മിച്ച കട്ടിലിൽ വാതരോഗികൾ കിടന്നാൽ രോഗശമനം ഉണ്ടാകുന്നതായി പറയപ്പെടുന്നു. കൂടാതെ ഇതിന്റെ വേര് മൂത്രാശയ രോഗങ്ങൾക്കും ഫലപ്രദമാണ്.

## 4. പലകപ്പയ്യാനി

ശാസ്ത്രനാമം : ഓറോക്സൈലം ഇൻഡിക്കം

കുടുംബം : ബിഗ്നോണിയേസിയെ

**രൂപവിവരണം:** പതിനഞ്ച് മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഇടത്തരം ഇലകൊഴിയും വൃക്ഷമാണ് പലകപയ്യാനി. 90–180 സെ.മീ. നീളമുള്ള ഇലകൾ സംയുക്തമാണ്. അഗ്രത്താണ് പൂക്കൾ ഉണ്ടാകുന്നത്. ഇത് വലുതും മാംസളവുമാണ്. മഴക്കാലത്താണ് പൂക്കൾ ഉണ്ടാകുന്നത്. ഫലത്തിനുള്ളിൽ അസംഖ്യം വിത്തുകളുണ്ട്. വിത്തിന്റെ മൂന്ന് വശങ്ങളിലും കടലാസുപോലുള്ള ചിറകുകളുണ്ട്. വേരിന്റെ ഉപരിതലത്തിന് പച്ചകലർന്ന തവിട്ടുനിറവും അകഭാഗത്തിന് ഇളം റോസ് നിറവുമാണ്. വേരിന്മേൽ തൊലിക്ക് 0.5–1.25 സെ. മീ. കനമുണ്ട്.

**ആവാസകേന്ദ്രം:** ഈർപ്പവും മഴയും അധികമുള്ള നിത്യഹരിതവനങ്ങളിൽ അധികമയി കാണുന്നു.

**കൃഷിരീതി:** പലകയുടെ ആകൃതിയിലുള്ള നീണ്ടുപരന്ന കായ്കൾ വിളഞ്ഞ് കഴിഞ്ഞാൽ പൊട്ടി വിത്തുകൾ പറന്നുപോകുന്നതിനുമുമ്പായി കായ്കൾ പറിച്ച് വെയിലിൽ ഉണക്കിപൊടിച്ച് വിത്തുകൾ ശേഖരിച്ച് വയ്ക്കാം. ഈ വിത്തുകൾ തവാരണകളിൽ പാകി മുളപ്പിച്ച് ഒരു മാസം പ്രായമായ തൈകൾ പോളിബാഗുകളിൽ നടാം. പോളിബാഗുകളിൽ ഇരുന്ന് രണ്ട് മാസം പ്രായമായാൽ തൈകൾ തോട്ടങ്ങളിൽ നടുന്നതിനായി ഉപയോഗിക്കാം. ഒന്നരയടി ആഴത്തിലും സമചതുരത്തിലും പതിനഞ്ചടി അകലത്തിലുമായി തയ്യാറാക്കിയ കുഴികളിൽ 10 കിലോ ചാണകപ്പൊടിയോ കമ്പോസ്റ്റോ ഇട്ടതിനുശേഷം മേൽ മണ്ണ് നിറച്ച് മൂടി അതിനു മുകളിൽ ഒരു ചെറിയ കൈക്കുഴി കുത്തി അതിൽ ചെടി നടുക. ആദ്യ വർഷത്തിൽ വേനൽ ക്കാലത്ത് മാത്രം

ആഴ്ചയിലൊരിക്കൽ ജലസേചനം ആവശ്യമായി വന്നേക്കാം. വെള്ളം കെട്ടിനിൽ ക്കാത്ത ഏതൊരു പ്രദേശത്തും ഈ മരം നന്നായി വളരും. വർഷത്തിലൊരിക്കൽ ജൈവവളപ്രയോഗം, കളയെടുക്കൽ എന്നിവ നടത്തുക.

**ഉപയോഗം:** ശരീരത്തെ തണുപ്പിക്കുന്നതിനും ദാഹശമനത്തിനും ഇതിന്റെ വേരിട്ട് തിളപ്പിച്ച വെള്ളം വളരെ നല്ലതാണ്. പ്രസിദ്ധമായ പലദാഹശമനികളിലും ഇത് ഒരു ചേരുവയാണ്. വ്യാവസികാവശ്യങ്ങൾക്ക് പ്രത്യേകിച്ച് ഭക്ഷ്യോത്പന്നങ്ങളിൽ ഉപയോഗിക്കുന്നതിന്, പ്രകൃതിദത്തമായ കളർ നിർമ്മിക്കുന്നതിന് ഇതിന്റെ കാതൽ ഉപയോഗിക്കുന്നു.

## 5. കുമിഴ്

ശാസ്ത്രനാമം : മെലിന ആർബോറിയ

കുടുംബം : വെർബിനേസി

**രൂപവിവരണം:** ഇതൊരു ഇടത്തരം മരമാണ്. മരപ്പട്ട വെളുത്തതോ ചാരനിറത്തിലുള്ളതോ ആണ്. തടിക്ക് ചാരനിറം കലർന്ന വെള്ളനിറമാണ്.ഹൃദയാകാരമായ ഇലകളുടെ അഗ്രം അല്പം കൂർത്തിരിക്കും. പുഷ്പങ്ങൾ വലുതും മഞ്ഞനിറമുള്ളതുമായിരിക്കും.ഒരു ഫലത്തിൽ ഒന്നോ രണ്ടോ വിത്തുകാണും.

**ആവാസകേന്ദ്രം:** ഇന്ത്യയിലെ എല്ലാ കാടുകളിലും ഈ മരം കാണുന്നു. നനവാർന്ന മലഞ്ചെരിവുകളിലും താഴ്വരകളിലുമാണ് കൂടുതലുള്ളത്.

**കൃഷിരീതി:** മെയ് ജൂൺ മാസങ്ങളിലാണ് ഇതിന്റെ കായ്കൾ വിളഞ്ഞ് പാകമാവുന്നത്. കായ്കൾ പഴുത്ത് മഞ്ഞനിറമാവുന്ന മുറയ്ക്ക് അവ ശേഖരിച്ച് പുറത്തെ പൾപ്പ് നീക്കി കഴുകി ഉണക്കി സൂക്ഷിക്കാം. ഈ വിത്തുകൾ പന്ത്രണ്ട് മണിക്കൂർ വെള്ളത്തിൽ കുതിർത്തിവച്ചതിന് ശേഷം തവാരണകളിൽ പാകാവുന്നതാണ്. ഒരു മാസം കൊണ്ട് കയ്കൾ മുളച്ച് തുടങ്ങും. ഒന്നരമാസം പ്രായമായാൽ തവാരണകളിൽ നിന്നും പോളിബാഗുകളിൽ പറിച്ച് നടാം. പോളിബാഗുകളിലിരുന്ന് ഒരു മാസം പ്രായമായ തൈകൾ തോട്ടങ്ങളിൽ നടുന്നതിന് ഉപയോഗിക്കാം. ഒന്നരയടി ആഴത്തിലും സമചതുരത്തിലും ഇരുപതടി അകലത്തിലുമായി തയ്യാറാക്കിയ കുഴികളിൽ മണൽ, ചാണകപ്പൊടി, മേൽ മണ്ണ് എന്നിവ നിറച്ച് മൂടി അതിനുമുകളിൽ തൈ നടുക. മഴക്കാലങ്ങളാണ് തൈ നടുന്നതിന് ഏറ്റവും പറ്റിയ സമയം. ഇനി ക്രമമായ കളയെടുക്കൽ ആദ്യത്തെ ഒരു വർഷം ജലസേചനം നടത്തൽ ആണ്ടിലൊരിക്കൽ 20 കിലോ ജൈവവളം വീതം ചുവട്ടിൽ ഇട്ടുകൊടുക്കൽ എന്നിവയും ആവശ്യമുള്ളപ്പോൾ കമ്പ് കോതൽ നടത്തുകയും ചെയ്താൽ ആറാം വർഷാവസാനത്തോടെ മരങ്ങൾ മുറിച്ച് വിൽ ക്കുകയും വേരുകൾ ഔഷധാവശ്യത്തിനായി ഉപയോഗിക്കുകയും ചെയ്യാം.

**ഉപയോഗം:** വാത, പിത്ത, കഫരോഗങ്ങൾ ശമിപ്പിക്കുന്നു. മൂത്രളമാണ്, വിഷഹരശക്തിയുണ്ട്. വേദന ശമിപ്പിക്കുന്നു. വേര്, ഇല, പൂവ് ഇവയിട്ടു വെന്ത കഷായം 25 മി.ലി. വീതം ദിവസം രണ്ടുനേരമെന്ന കണക്കിൽ ഉപയോഗിച്ചാൽ ഗുണേറിയ, നീര്, വേദന, വാതം ഇവ ശമിക്കും. ഇലയുടെ സ്വരസമൊഴിച്ച് പഴകിയ വ്രണം കഴുകുകയും വച്ചുകെട്ടുകയും ചെയ്താൽ വ്രണത്തിലെ ദുർഗന്ധവും പഴുപ്പും നീരും മാറി വ്രണം സുഖപ്പെടും. ഇല അരച്ച് ലേപനമാക്കി തലയിൽ തേക്കാമെങ്കിൽ വളരെ പഴകിയ തലവേദന മാറിക്കിട്ടും. ഇത് ശിരസ്സിലെ നാഡീദൌർബല്യത്തിന് നല്ലതാണ്. ദശമൂലാരിഷ്ടം ദശമൂലലേഹ്യം മുതലായവയിൽ ഇതിന്റെ വേര് ഉപയോഗിച്ചുവരുന്നു.

## 6. ഓരില

ശാസ്ത്രനാമം : ഡെസ്മോഡിയം ഗാൻജെറ്റിക്കം

കുടുംബം : ഫാബേസിയെ

**രൂപവിവരണം:** ഒരു പടർച്ചച്ചെടിയുടേതുപോലെ തോന്നിക്കുന്നതാണ് ഈ കുറ്റിച്ചെടിയുടെ ശാഖകൾ. ഇലകൾക്ക് അണ്ഡാകൃതിയാണ്. പൂക്കൾ ചെറുതും വയലറ്റോ വെള്ളയോ നിറമുള്ളതാണ്. ഫലങ്ങൾ ഏതാണ്ട് ചന്ദ്രക്കല പോലെയുള്ളതും വളരെ ചെറുതുമാണ്. വേരുകൾ ചെറുതും നേർത്തതുമാണ്

**ആവാസകേന്ദ്രം:** ബംഗാൾ, ആസ്സാം, കേരളം എന്നിവിടങ്ങളിൽ നൈസർഗികമായി വളരുന്നു.

**കൃഷിരീതി:** വിത്തുകൾ പാകമാകുന്നത് നവംബർ-ഡിസംബർ മാസങ്ങളിലാണ്. വിളഞ്ഞവിത്തുകളുടെ കുലകൾ വെട്ടിയെടുത്ത് വെയിലിൽ ഉണക്കിയാൽ കായ്കൾ പൊട്ടി വിത്തുകൾ വേർതിരിഞ്ഞ് കിട്ടും. മെയ്, ജൂൺ മാസങ്ങളിൽ നന്നായി മഴപെയ്ത് ഭൂമി തണുക്കുന്ന അവസരത്തിൽ സ്ഥലം നന്നായി ഉഴുതുമറിച്ച് ഏക്കറിന് ഒന്നു മുതൽ രണ്ടു ടൺ വരെ ഉണക്കിപ്പൊടിച്ച ചാണകവും വിതറി യോജിപ്പിച്ചതിനു ശേഷം പണകൾ എടുത്ത് അതിനുമുകളിൽ ആറു മുതൽ എട്ടു മണിക്കൂർ വരെ വെള്ളത്തിൽ കുതിർന്ന വിത്തുകൾ വിതച്ചുകൊടുക്കാം. ഇപ്രകാരം വിതച്ച വിത്തുകൾ ഒരാഴ്ചക്കുള്ളിൽ മുളച്ചു തുടങ്ങും. ഇലകൾ വിടർ ന്നുതുടങ്ങുമ്പോൾ കളയെടുപ്പ് നടത്തി ഏതെങ്കിലും ജൈവവളം ചേറികൊടുക്കുകയും ചെയ്യുക. അതിനുശേഷം ഒക്ടോബർ, നവംബർ മാസത്തോടെ ചെടി പൂവിട്ട് കായ്കൾ പിടിച്ചുതുടങ്ങുന്ന സമയത്ത് കിളച്ച് വേരുകൾ ശേഖരിക്കാവുന്നതാണ്.

**ഉപയോഗം:** മൂത്രസംബന്ധമായ അസുഖങ്ങൾ വാതസംബന്ധമായ പ്രശ്നങ്ങൾ എന്നിവയ്ക്ക് ഇതിന്റെ ഔഷധമായി ഉപയോഗിക്കുന്നു. കൊച്ചുകുട്ടികൾക്ക് രോഗപ്രതിരോധശക്തി ലഭിക്കുന്നതിനായി ഇതിന്റെ വേര് ഇട്ട് പാൽ കാച്ചി കൊടുക്കാറുണ്ട്. വാതം, പിത്തം, കഫം എന്നീ മൂന്ന് ദോഷങ്ങളേയും ക്രമീകരിക്കുന്നു. ദശമൂലാരിഷ്ടം, ദശമൂലലേഹ്യം, ദശമൂലഹരീതകിലേഹ്യം എന്നിവയിൽ ഇതിന്റെ വേര് ഒരു പ്രധാന ചേരുവയാണ്.

## 7. മൂവില

ശാസ്ത്രനാമം : സ്യൂഡാർത്രിയ വിസിഡ

കുടുംബം : ഫാബേസിയെ

**രൂപവിവരണം:** നിലത്തു പടർ ന്നു കിടക്കുന്നതോ അല്പം എഴുന്നുനിൽ ക്കുന്നതോ ആയ ബഹുവർഷി ഔഷധി. ഇത് അമ്പത് സെ.മീ. മുതൽ ഒരു മീറ്റർ വരെ പൊക്കത്തിൽ വളരാറുണ്ട്. തണ്ടിന് നല്ല കട്ടിയും ബലവുമുണ്ട്. പിങ്ക് നിറമുള്ള അനേകം പുഷ്പങ്ങൾ അകന്നകന്നുണ്ടാകുന്നു. ഏകദേശം ഒരു സെ.മീ.നീളമുള്ള ഫലത്തിൽ നാല് മുതൽ ആറ് വരെ വിത്തുകളുണ്ട്. വിത്തുകൾക്ക് ഏതാണ്ട് വൃക്കാകൃതിയും തവിട്ടുകലർന്ന കറുപ്പുനിറവുമാണ്.

**ആവാസകേന്ദ്രം:** ഇന്ത്യയിലുടനീളം കണ്ടുവരുന്നു.

**കൃഷിരീതി:** നവംബർ, ഡിസംബർ മാസങ്ങളിലാണ് ഇതിന്റെ വിത്തുകൾ പാകുന്നത്. വിളഞ്ഞ വിത്തുകളുടെ കുലകൾ വെട്ടിയെടുത്ത് വെയിലിൽ ഉണക്കിയാൽ കായ്കൾ പൊട്ടി വിത്തുകൾ വേർതിരിഞ്ഞ് കിട്ടും. മെയ്, ജൂൺ മാസങ്ങളിൽ നന്നായി മഴ പെയ്ത് ഭൂമി തണുക്കുന്ന അവസരത്തിൽ സ്ഥലം നന്നായി ഉഴുതുമറിച്ച് ഏക്കറിന് ഒന്നു മുതൽ രണ്ടു ടൺ വരെ ഉണക്കിപ്പൊടിച്ച ചാണകവും വിതറി യോജിപ്പിച്ചതിനു ശേഷം പണകൾ എടുത്ത് അതിനു മുകളിൽ ആറു മുതൽ എട്ടു മണിക്കൂർ വരെ വെള്ളത്തിൽ കുതിർന്ന വിത്തുകൾ വിതച്ചുകൊടുക്കാം. ഇപ്രകാരം വിതച്ചവിത്തുകൾ ഒരാഴ്ചക്കുള്ളിൽ മുളച്ചു തുടങ്ങും. ഇലകൾ വിടർ ന്നു തുടങ്ങുമ്പോൾ കളയെടുപ്പ് നടത്തി ഏതെങ്കിലും ജൈവവളം ചേറികൊടുക്കുകയും ചെയ്യുക. അതിനുശേഷം ഒക്ടോബർ, നവംബർ മാസത്തോടെ ചെടി പൂവിട്ട് കായ്കൾ പിടിച്ചുതുടങ്ങുന്ന സമയത്ത് കിളച്ച് വേരുകൾ ശേഖരിക്കാവുന്നതാണ്.

**ഉപയോഗം:** കാസം, ശ്വാസം, ജ്വരം, അതിസാരം, ഹൃദ്രോഗം, ഇവ ശമിപ്പിക്കുന്നു. ത്രിദോഷങ്ങളെ ക്രമീകരിക്കുന്നു. രക്താർശ്ശസ്സ്, രക്താതിസാരം, രക്തവാതം ഇവ ശമിപ്പിക്കുന്നു. അസ്ഥിഭംഗമുണ്ടായാൽ മൂവിലയുടെ വേര് അരച്ചോ പൊടിച്ചോ കഷായം വെച്ചോ മാംസരസത്തിൽ കലക്കി പതിവായി അകത്ത് ഉപയോഗിച്ചാൽ അസ്ഥികളുടെ മുറിവായ് എളുപ്പം ഊറിക്കൂടുന്നു.

## 8. ചെറുവഴുതിന

**ശാസ്ത്രനാമം : സൊളാനം മെലോൺജെന**

**കുടുംബം : സൊളാനേസിയേ**

**രൂപവിവരണം:** പൂവിന്റേയും കായയുടേയും ആകൃതിയിലും നിറത്തിലും വൈവിധ്യം പുലർത്തുന്ന ചെറുവഴുതിന രണ്ടടിവരെ വളരും. ഒരു ചെടിക്ക് രണ്ടു മൂന്ന് വർഷം വരെ ആയുസ്സുണ്ടാകും. ധാരാളം മുള്ളുകൾ കാണ്ഡങ്ങളിലുണ്ട്. ഇതിന്റെ ഫലത്തിന് മൂന്ന് സെ.മീ. വരെ നീളം കാണും. മൂത്ത് കഴിഞ്ഞാൽ കായ്കൾക്ക് മഞ്ഞനിറമായിരിക്കും.

**ആവാസകേന്ദ്രം:** തെക്കെ ഇന്ത്യയിൽ എല്ലായിടത്തും കാണപ്പെടുന്നു.

**കൃഷിരീതി:** മഞ്ഞനിറമായ കായ്കൾ പറിച്ചെടുത്തകീറി വിത്തുകൾ കഴുകിയുണക്കണം. ജൈവവളങ്ങൾ ചേർത്ത് വാരങ്ങൾ ആവശ്യമായ അളവിലെടുത്ത് 12 മണിക്കൂർ വിത്ത് വെള്ളത്തിൽ കുതിർത്ത് പാകാവുന്നതാണ്. ഒരു മാസം കൊണ്ട് തൈകൾ നടുവാൻ പാകമാകും. മണ്ണ് കിളച്ചൊരുക്കി കല്ലും കട്ടയും നീക്കം ചെയ്യണം. ഇതിൽ 1 മീ. അകലത്തിൽ 10.സെ.മീ. ആഴത്തിൽ കുഴികളെടുത്ത് ചാണകപ്പൊടി ചേർത്ത് നടാം. ഇടയ്ക്കിടെ കളകളെടുക്കണം. എട്ടു മാസം കൊണ്ട് വേരുകൾ ശേഖരിക്കാം. മൂന്ന് ദിവസത്തെ വെയിൽ കൊള്ളിച്ച് കെട്ടി വിപണനയോഗ്യമാക്കാം.

**ഉപയോഗം:** ചെറുവഴുതിനയുടെ വേരാണ് ഔഷധയോഗ്യം. ആസ്ത്മക്കും വായിലെ കുരുക്കൾ, മോണപഴുപ്പ് എന്നിവയ്ക്ക് ഇതിന്റെ ഇലയും വേരും കഷായം വച്ച് ഉപയോഗിക്കുന്നത് ഫലപ്രദമാണ്.

## 9. പുത്തിരിച്ചുണ്ട

**ശാസ്ത്രനാമം : സൊളാനം ഇൻഡിക്കം**

**കുടുംബം : സൊളാനേസിയേ**

**രൂപവിവരണം:** ഒന്നരമീറ്റർ വരെ ഉയരത്തിൽ ഏതാണ്ട് കുറ്റിച്ചെടി പോലെ വളരുന്നു. അനേകം ശിഖരങ്ങളും മുള്ളുകളുമുണ്ട്. മുള്ളുകളുടെ ചുവടുഭാഗം പരന്നും അഗ്രം അല്പം അകത്തേക്ക് വളഞ്ഞുമിരിക്കും. ഇലകളുടെ രണ്ട് പാർശ്വങ്ങളിലും മുള്ളുകളും രോമങ്ങളും കാണാം. പൂവിന് മങ്ങിയപർപ്പിൾ നിറമോ ഇളം നീലനിറമോ ആണ്. പഴുക്കുമ്പോൾ ഇരുണ്ട മഞ്ഞ നിറമോ ഓറഞ്ചുനിറമോ ആകുന്നു. നാല് മി.മീ. വ്യാസമുള്ള അനവധി വിത്തുകൾ ഉണ്ടാകും.

**ആവാസകേന്ദ്രം:** ഊഷര ഭൂമിയിലുടനീളം കാണപ്പെടുന്നു. പുതിയ മണ്ണിട്ട് നികത്തിയ സ്ഥലങ്ങളിലും നദീതീരങ്ങളിലുള്ള മണൽ തിട്ടകളിലുമാണ് കൂടുതൽ വളരുന്നത്.

**ഉപയോഗം:** വേര് ശ്വാസകോശരോഗങ്ങൾ ശമിപ്പിക്കുന്നു. ഫലവും വേരും പല്ലുവേദന ശമിപ്പിക്കുന്നു. നാഡിരോഗങ്ങൾ ക്കും വാതകഫങ്ങളുടെ ആധിക്യം കൊണ്ടുള്ള വികാരങ്ങൾ ക്കും ഫലപ്രദമാണ്. മൂത്രവിരേചനീയമായതുകൊണ്ട് നീര് അകറ്റാനും തീക്ഷ്ണോക്ഷ്ണ ഗുണങ്ങൾ ഉള്ളതുകൊണ്ട് കഫത്തെ ഇളക്കിക്കളയാനും സഹായകമാണ്.

## 10. ഞെരിഞ്ഞിൽ

ശാസ്ത്രനാമം : ട്രിബുലസ് ടെറസ്ട്രിസ്

കുടുംബം : സൈഗോഫില്ലേസി

**രൂപവിവരണം:** നിലം പറ്റി പടർന്ന് വളരുന്ന ഒരു ഔഷധിയാണിത്. ഇലയ്ക്ക് 5–8 സെ.മീ നീളം കാണും. പുഷ്പങ്ങൾക്ക് മഞ്ഞനിറമാണ്. വെളുത്ത പുഷ്പങ്ങളും വിരളമായി കാണാറുണ്ട്. ഫലത്തിൽ കൂർത്തമുള്ളുകളുണ്ട്. വർഷത്തിൽ എല്ലാ സമയവും പൂക്കളും ഫലങ്ങളും ഉണ്ടാകുന്നു.

**ആവാസകേന്ദ്രം:** ചൂടു കൂടുതലുള്ള ഇളകിയ മണ്ണിലും കടലോരപ്രദേശത്തും ധാരാളമായി വളരുന്നു.

**ഉപയോഗം:** ഞെരിഞ്ഞിൽ മൂത്രം വർദ്ധിപ്പിക്കുന്നതും നീര് കുറയ്ക്കുന്നതും ലൈംഗികശക്തി വർദ്ധിപ്പിക്കുന്നതും ശരീരബലം ഉണ്ടാക്കുന്നതുമാണ്. വസ്തിയെ ശുദ്ധീകരിക്കുന്നു. വാതവും ത്രിദോഷവും ശമിപ്പിക്കുന്നു. ഹൃദ്രോഗം, പ്രമേഹം, അശ്മരി, ശ്വാസരോഗം, ചുമ ഇവയും ശമിപ്പിക്കും

References:

ഔഷധസസ്യങ്ങളും അവയുടെ കൃഷിരീതികളും: പ്രസാദ് പി. പല്ലാട്ട്, ബേബി ജോസഫ്

ചെടികളും അവയുടെ ഔഷധഗുണങ്ങളും: വി.വി. ബാലകൃഷ്ണൻ

കേരളത്തിലെ വനസസ്യങ്ങൾ: ഡോ.പി.എൻ. നായർ, സി.എസ്. നായർ

ഔഷധസസ്യങ്ങൾ: ഡോ.എസ്.നേശമണി

ഔഷധസസ്യങ്ങൾ 2 : ഡോ.എസ്.നേശമണി